158 (2473) കെ.ടി.ഡി.സി.യിലെ ഒഴിവുകൾ

ശ്രീ. കെ. നാരായണക്കുറിപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെ.ടി.ഡി.സി.യിൽ കുക്ക്, റിസപ്ഷനിസ്റ്റ്, വെയിറ്റേഴ്സ്, ഹൗസ്കീപ്പേഴ്സ് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾവീതം നിലവിലുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ തസ്തികകളിലേക്കുള്ള നിയമനം എന്നത്തേക്ക് നടത്താൻ കഴിയുമെന്നും ഇവർക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(സി) മാൻപവർ റിക്രൂട്ടിംഗ് ഏജൻസിവഴി കോൺട്രാക്ട് അടിസ്ഥാനത്തിൽ കെ.ടി.ഡി.സി.യുടെ ഏതെങ്കിലും പ്രോജക്ടിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ നിയമനത്തിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം അറിയിക്കുമോ;

(ഇ) ഇപ്രകാരം നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് കോഴ്സ് പാസായി കെ.റ്റി.ഡി.സിയിൽത്തന്നെ പരിശീലനം പൂർത്തിയാക്കിയിട്ടുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ടോ;

(എഫ്) കെ.ടി.ഡി.സി.യുടെ ഏതെങ്കിലും യൂണിറ്റുകൾ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ജി) എങ്കിൽ ഏതെല്ലാം യൂണിറ്റുകളാണ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നതെന്നും അവ നിർത്തലാക്കുന്നതിന്റെ കാരണങ്ങളും വ്യക്തമാക്കുമോ;

(എച്ച്) കുമരകം ടൂറിസ്റ്റ് വില്ലേജ് എന്ന് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കെ.ടി.ഡി.സി.യിൽ കുക്ക്, റിസപ്ഷനിസ്റ്റ്, വെയിറ്റർ, ഹൗസ്കീപ്പർ എന്നീ തസ്തികകളിൽ ഉള്ള ഒഴിവുകൾ താഴെ പറയുന്നു.

1.	അസിസ്റ്റന്റ് കുക്ക്	-	3 എണ്ണം
2.	റിസപ്ഷനിസ്റ്റ്	-	3 എണ്ണം
3.	വെയിറ്റർ	-	14 എണ്ണം
4.	ഹൗസ്കീപ്പർ	-	1 എണ്ണം

(ബി) ഈ തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്താൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓരോ തസ്തികകളിലേക്കുമുള്ള അടിസ്ഥാന യോഗ്യതകൾ ചുവടെ ചേർക്കുന്നു.

(1) അസിസ്റ്റന്റ് കുക്ക് - ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നോ, എൻ.സി.വി.റ്റി.യിൽ നിന്നോ കുക്കറിയിൽ ലഭിച്ച സർട്ടിഫിക്കറ്റ്.

LIBRARY ARCHIVES Kerala Legislative Assembly

(2) റിസപ്ഷനിസ്റ്റ് - ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, എൻ.സി.വി.റ്റി. എന്നീ സ്ഥാപനങ്ങളിൽനിന്നും ഹോട്ടൽ റിസപ്ഷനിലും, ബുക്ക് കീപ്പിംഗിലു മുള്ള സർട്ടിഫിക്കറ്റ് അല്ലെങ്കിൽ

1. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ ആന്റ് ടൂറിസം സ്റ്റഡീസ് (KITTS) നടത്തുന്ന ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ് കോഴ്സിൽ ലഭിച്ച സർട്ടിഫിക്കറ്റ്

2. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ്.

3. വിദേശഭാഷ അറിഞ്ഞിരിക്കണം.

(3) വെയിറ്റർ

1. എഫ്.സി.ഐ.യിൽ നിന്നോ, എൻ.സി.വി.റ്റി.യിൽ നിന്നോ റസ്റ്റോറന്റ് ആന്റ് കൗണ്ടർ സർവ്വീസിൽ കിട്ടിയ സർട്ടിഫിക്കറ്റ്.

2. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവ്.

(4) ഹൗസ് കീപ്പർ

1. എഫ്.സി.ഐ.യിൽനിന്നോ എൻ.സി.വി.റ്റിയിൽ നിന്നോ ഹൗസ് കീപ്പിംഗ് കോഴ്സിൽ ലഭിച്ച സർട്ടിഫിക്കറ്റ്.

അല്ലെങ്കിൽ

ഹോംസയൻസിൽ ബിരുദം.

(സി)&(ഡി) കെ.ടി.ഡി.സി.യുടെ കീഴിലുള്ള ത്രീസ്റ്റാർ ഹോട്ടലുക ളിലും അതിന് മുകളിലുള്ള ഹോട്ടലുകളിലും കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം തൊഴിൽ വൈദഗ്ദ്ധ്യം വേണ്ടാത്ത മേഖലക ളായ സ്വീപ്പർ, സ്കാവഞ്ചർ, ക്ലീനർ തുടങ്ങിയ തസ്തികകളിലേക്ക് ആവശ്യ മുള്ള തൊഴിലാളികളെ കരാർ അടിസ്ഥാനത്തിൽ നൽകുകയുണ്ടായി. പത്ര ത്തിൽ പരസ്യം ചെയ്ത് കൊട്ടേഷനുകൾ വരുത്തി പരിശോധിച്ചശേഷം ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ ഏജൻസിക്കാണ് കരാർ നൽകിയത്.

(ഇ) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് കോഴ്സ് പാസായ വർക്ക് കെ.ടി.ഡി.സി. ഹോട്ടലുകളിൽ പരിശീലനത്തിന് അവസരം നൽകാ റുണ്ട്. ഈ അവസരം ലഭിക്കുന്നവർക്ക് കെ.ടി.ഡി.സി.യിൽ സ്ഥിരലാവണ ത്തിൽ ജോലി നൽകാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ല.

(എഫ്)&(ജി) കെ.ടി.ഡി.സി.യുടെ ബാനറിൽ, വാടക കെട്ടിടങ്ങളിൽ ലാഭകരമല്ലാത്തവിധം നടത്തിക്കൊണ്ടിരിക്കുന്ന ചില യൂണിറ്റുകൾ നിർത്തലാ ക്കുവാൻ ആലോചനയുണ്ട്. യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തിയശേ ഷമേ ഈ തീരുമാനം നടപ്പിലാക്കുകയുള്ളൂ.

(എച്ച്) കുമരകം ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം 2001 ആദ്യം ആരം ഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

159 (7474) കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ്ഹൗസിന്റെ വികസന ത്തിന് പദ്ധതികൾ

<u>ശ്രീ. എം. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസ ഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly